മാതൃഭൂമി

3 May 2025

# നടുവണ്ണൂരിലെ പാംഗിയോ ജുഹുവ





◀ ജുഹു

**കോ**ഴിക്കോട് ജില്ലയിലെ നടുവണ്ണൂരിലെ വീട്ടിലെ കിണറ്റിൽനിന്ന് ബക്കറ്റിൽ ശേഖരിച്ച വെള്ളത്തിൽ കളിക്കുമ്പോഴാണ് ജുഹു എന്ന് വിളിപ്പേരുള്ള ധൻവി ധീര എന്ന കൊച്ചു മിടുക്കി മൊട്ടുസൂചിയോളം വലുപ്പമുള്ള ഒരു മീനിനെ കാണുന്നത്. അവരാ മീനിനെ അമ്മ ലാലുവിന് കാണിച്ചുകൊടുത്തു. കുട്ടിമീനിനെക്കണ്ട് കൗതുകംതോന്നിയ അമ്മയാകട്ടെ കാര്യം പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഡോക്ടർ ബി. പ്രദീപിനോട് പങ്കുവെച്ചു. 2021-ലാണ് സംഭവം നടക്കുന്നത്. ജുഹു കണ്ടെത്തിയ ആ മീനിന് ഇന്ന് പേര് പാംഗിയോ ജുഹുവ. ലോകം ഇന്നുവരെ കണ്ടിട്ടില്ലാത്ത ഭൂഗർഭ മത്സ്യമാണ് ആ ബക്കറ്റ് വെള്ളത്തിലൂടെ പുറംലോകത്തെത്തിയത്.

കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. കെ.ആർ. ശ്രീനാഥിന്റെ(ഡയറക്ടർ ജനറൽ, ഫിഷറീസ് സർവേ ഓഫ് ഇന്ത്യ) നേതൃത്വത്തിലുള്ള സംഘമാണ് ഇത് പുതിയ ഭൂഗർഭ മത്സ്യമാണെന്ന് സ്ഥിരീകരിച്ചത്. ഡോ. കെ.ആർ. അജു, ഡോ. സന്ധ്യ സുകുമാരൻ, ഡോ. വിൽസൺ സെബാസ്റ്റ്യൻ, ഡോ. ആൽവിൻ ആന്റോ, ഡോ. ഗ്രിൻസൺ ജോർജ് എന്നിവരും ഗവേഷക സംഘത്തിലുണ്ടായിരുന്നു. ട്രോഗ്ലോബൈറ്റിക് ഈൽ ലോച്ചിന്റെ വർഗത്തിൽപ്പെടുന്നതാണ് പാംഗിയോ ജുഹുവ. മുതുകിലെ ചിറകും വലിയ കണ്ണുകളുമാണ് ജുഹുവയെ മറ്റ് പാംഗിയോ ഇനങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നത്. ഗവേഷണ പ്രബന്ധം ഇന്ത്യൻ ജേണൽ ഓഫ് ഫിഷറീസ് 2025 ജനുവരി-മാർച്ച് ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.